# കേരളസർവകലാശാല

നം.പി.ആർ.181/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. 22.09.2020 മുതൽ കോളേജുകളിൽ പ്രവേശനം നേടാം.

കേരളസർവകലാശാലയുടെ 2020–21 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) പ്രസിദ്ധപ്പെടുത്തി. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാം. ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിക്കാത്തവരും എന്നാൽ രണ്ടാം ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്ത അപേക്ഷകർ ഓൺലൈനായി അഡ്മിഷൻ ഫീസ് അടച്ച് തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ ഫീസ് അടച്ചവർ രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ലഭിച്ചാൽ അഡ്മിഷൻ ഫീസ് വീണ്ടും അടയ്ക്കേണ്ടതില്ല.

അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി ഫീസ് അടച്ച അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാം. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ നിന്ന് ലഭിക്കും. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കണം.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ്. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

**പ്രത്യേക കുറിപ്പ്:** (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## വൈവ വോസി

ആറാം സെമസ്റ്റർ യൂണിറ്ററി ത്രിവത്സര എൽ.എൽ.ബി (ജൂൺ 2020) പരീക്ഷയുടെ വൈവ വോസി ഒക്ടോബർ 12 മുതൽ ആരംഭിക്കുന്നതാണ്. പ്രസ്തുത പരീക്ഷ സി.എസ്.ഐ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസ്, ചെറുവാരക്കോണത്ത് ഒക്ടോബർ 12 നും ഗവ.ലോ കോളേജ്, തിരുവനന്തപുരത്ത് ഒക്ടോബർ 13, 14, 15, 16 തീയതികളിലും കേരള ലോ അക്കാദമി ലോ കോളേജ്, തിരുവനന്തപുരത്ത് ഒക്ടോബർ 19, 20, 21, 22, 27, 28 എന്നീ തീയതികളിലും നടക്കുന്നതാണ്. വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി രാവിലെ 9. 30 ന് തന്നെ ഹാജരാകേണ്ടതാണ്. കോവിഡ് പശ്ചാത്തലത്തിൽ പ്രസ്തുത കോളേജുകളിൽ ഹാജരാകാൻ കഴിയാത്ത വിദ്യാർത്ഥികൾ ഓൺലൈൻ വൈവയ്ക്കായി ഒക്ടോബർ 5 ന് മുൻപ് കോളേജ് പ്രിൻസിപ്പാൾമാർക്ക് അപേക്ഷ നൽകേണ്ടതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ എം.സി.എ. പ്രോജക്ട് ആന്റ് വൈവ റെഗുലർ ആന്റ് സപ്ലിമെന്ററി (2015 സ്കീം), സപ്ലിമെന്ററി (2011 സ്കീം – 2014 അഡ്മിഷൻ മാത്രം) പരീക്ഷ സെപ്റ്റംബർ 22, 23, 24, 25 എന്നീ തീയതികളിൽ അതതു കോളേജുകളിൽ നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്. സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് (2013 സ്കീം) "പ്രാക്ടിക്കൽ സർവേയിയിംഗ് II", "കോൺക്രീറ്റ് ലാബ്", എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 25 ന് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം (CET) സെന്ററിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## യു.ഐ.ടി. പ്രിൻസിപ്പാൾ – അഭിമുഖം

കേരളസർവകലാശാലയുടെ കീഴിലുളള വിവിധ യു.ഐ.ടി.കളിലേക്ക് കരാറടിസ്ഥാനത്തിൽ പ്രിൻസിപ്പാൾമാരെ തെരഞ്ഞെടുക്കുന്നതിലേക്കായുള്ള അഭിമുഖം 2020 സെപ്റ്റംബർ 23 ന് രാവിലെ 11.00 മണിക്ക് സർവകലാശാലയുടെ പാളയം ക്യാമ്പസിൽ വച്ച് നടത്തുന്നു. അഭിമുഖത്തിന് ഹാജ രാകുന്നതിനുളള മെമ്മോ ലഭിച്ചവർ മെമ്മോയും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ ഒറിജിനലുകളു മായി മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## പരീക്ഷാഫലം

2019 സെപ്റ്റംബറിൽ നടന്ന രണ്ട്, നാല്, ആറ്, എട്ട് സെമസ്റ്റർ – പഞ്ചവത്സര എം.ബി.എ (ഇന്റ ഗ്രേറ്റഡ്)/ബി.എം.–എം.എ.എം. (2015 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ ബി.എസ്സി. എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ്, ബി. എസ്.സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (റീസ്ട്രക്ച്ചേർഡ്,മേഴ്സിചാൻസ് 2008 അഡ്മിഷൻ ആന്റ് സപ്ലിമെന്ററി 2009 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം. വിശദവിവര ങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്സി. കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (റീസ്ട്രക്ച്ചേർഡ്,മേഴ്സിചാൻസ് 2008 അഡ്മിഷൻ ആന്റ് സപ്ലിമെന്ററി 2009 അഡ്മി ഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 5 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.കോം. ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (റീസ്ട്രക്ച്ചേർഡ്, മേഴ്സിചാൻസ് 2008 അഡ്മിഷൻ വരെ, സപ്ലിമെന്ററി 2009 അഡ്മിഷൻ) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 5 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂണിൽ നടത്തിയ അവസാന വർഷ (ഓൺലൈൻ) ബി.എ. അറബിക്/ബി.എ. അഫ്സൽ –ഉൽ–ഉലമ (ആന്വൽ സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓൺലൈനായി സെപ്റ്റംബർ 28 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

ഒന്നും രണ്ടും വർഷ ബി.ബി.എ. (റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂ ടാതെ സെപ്റ്റംബർ 30 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 6 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 8 വരെയും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ ഒരു പേപ്പറിന് 125 രൂപയും 100 രൂപ മാർക്ക്ലിസ്റ്റ് ഫീസായും 200 രൂപ ക്യാമ്പ് ഫീസായും അടയ്ക്കേണ്ടതാണ്. ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി വിഭാഗക്കാർ ഓരോ പേപ്പറിന് 150 രൂപയും 100 രൂപ രജിസ്ട്രേഷൻ ഫീസും 100 രൂപ മാർക്ക്ലിസ്റ്റിനും 200 രൂപ ക്യാമ്പ് ഫീസായും അടയ്ക്കേണ്ടതാണ്. ഇവയ്ക്കുപുറമെ 5% സെസായും അടയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം – പരീക്ഷകൾ

തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നടത്തുന്ന പി.ജി.ഡിപ്ലോമ കൗൺസിലിംഗ് സൈക്കോളജി സപ്ലിമെന്ററി പരീക്ഷ 28, 29, 30, ഒക്‌ടോബർ 1, 3 തീയതികളിൽ നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല. ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ഡിപ്പാർട്ട്മെന്റ്/സെന്റർ എന്ന പേജിൽ ലഭ്യമാണ്. ഫോൺ: 0471 – 2302523.

തുടർവിദ്യഭ്യാസവ്യാപനകേന്ദ്രം യോഗ ആന്റ് മെഡിറ്റേഷൻ പരീക്ഷ ഒക്ടോബർ 14, 15 തീയതികളിൽ നടത്തുന്നതാണ്. പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്‌ടോബർ 1 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 5 വരെയും 250 രൂപ പിഴയോടെ ഒക്ടോബർ 8 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ഡിപ്പാർട്ട്മെന്റ്/സി.എ.സി.ഇ.ഇ എന്ന പേജിൽ ലഭിക്കും. ഫോൺ: 0471 – 2302523. പൂരിപ്പിച്ച അപേക്ഷ തപാലിൽ അയയ്ക്കുക.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**18.09.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**